جمعية خدمة المحتوى
الإسلامي باللغات

# ഞാൻ മുസ്‌ലിമാണ്!

മലയാളം | مليالم | أَنَا مُسْلِمٌ

പണ്ഡിത സമിതി മസ്ജിദുൽ ഹറാം,
മസ്ജിദുന്നബവി മതകാര്യ
പ്രസിഡൻസിയുടെ നേതൃത്വത്തിൽ

أَنَا مُسْلِمٌ

# ഞാൻ മുസ്‌ലിമാണ്!

اللَّجْنَةُ العِلْمِيَّةُ

بِجَمْعِيَّةِ خِدْمَةِ المُحْتَوَى الإِسْلَامِيِّ بِاللُّغَاتِ

പണ്ഡിത സമിതി മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി മതകാര്യ പ്രസിഡൻസിയുടെ നേതൃത്വത്തിൽ

بِسْمِ اللهِ الرَّحمَنِ الرَّحِيمِ

# ഞാൻ മുസ്‌ലിമാണ്![1]

ഞാൻ മുസ്‌ലിമാണ്. എന്റെ മതമായി ഞാൻ സ്വീകരിച്ചിരിക്കുന്നത് ഇസ്‌ലാം മതത്തെയാണ് എന്നതാണ് അതിന്റെ അർത്ഥം. 'ഇസ്‌ലാം'; ആദ്യത്തെ പ്രവാചകൻ മുതൽ അവസാനത്തെ പ്രവാചകൻ വരെ കൈമാറിവന്ന പരിശുദ്ധവും മഹത്തരവുമായ പദമാണത്. ഉന്നതമായ ആദർശവും മഹത്തരമായ മൂല്യങ്ങളും ഉൾക്കൊള്ളുന്ന പദമാണത്. ഇസ്‌ലാം എന്നാൽ അർത്ഥമാക്കുന്നത് സർവ്വരുടെയും സ്രഷ്ടാവിനുള്ള സമർപ്പണവും അനുസരണവുമാണ്. വ്യക്തിക്കും സമൂഹത്തിനും, സമാധാനവും സൗഭാഗ്യവും നിർഭയത്വവും ആശ്വാസവും പകരുക എന്നതാണ് അതിലൂടെ ഉദ്ദേശിക്കപ്പെടുന്നത്.

ഇത് കൊണ്ട് തന്നെയാണ് സലാം, ഇസ്‌ലാം എന്നീ പദങ്ങൾ ഇസ്‌ലാമിൽ ഏറ്റവുമധികം പരാമർശിക്കപ്പെടുന്ന പദങ്ങളായി നിലനിൽക്കുന്നത്. അല്ലാഹുവിന്റെ നാമങ്ങളിലൊന്നാണ് സലാം.[2] മുസ്‌ലിംകൾ പരസ്പരം കൈമാറുന്ന അഭിവാദനത്തിന്റെ പേരും സലാം എന്ന് തന്നെയാണ്. സ്വർഗക്കാർ തമ്മിലുള്ള അഭിവാദനവും ഇതേ സലാം തന്നെയായിരിക്കും. മറ്റുള്ളവർ ആരുടെ നാവിൽ

---

[1] ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്ന ഒരു ചെറുലേഖനം.

[2] എല്ലാ ന്യൂനതകളിൽ നിന്നും കുറവുകളിൽ നിന്നും പരിശുദ്ധ നായവൻ എന്നാണ് അല്ലാഹുവിന്റെ നാമമായ സലാം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

നിന്നും കൈകളിൽ നിന്നുമാണോ സുരക്ഷിതനായിരിക്കുന്നത്, അവനാണ് യഥാർത്ഥ മുസ്‌ലിം. അതോടൊപ്പം സർവ്വ മനുഷ്യർക്കുമുള്ള മതവുമാണ് ഇസ്‌ലാം; അത് അവരെയെല്ലാം ഉൾക്കൊള്ളുന്നു. ഇഹലോകത്തും പരലോകത്തും അവർക്ക് വിജയത്തിന്റെ വഴി നേടിയെടുക്കാനുള്ള ഏകമാർഗം അതു മാത്രമാണ്. ഇതു കൊണ്ട് തന്നെയാണ് മതങ്ങളിൽ അവസാനത്തേതും, സമഗ്രവും വ്യക്തവും വിശാലവുമായ വിധത്തിൽ ഈ മതം വന്നെത്തിയത്. ഒരു വർഗത്തെയും മാറ്റിനിർത്താതെ, ഒരു നിറത്തെയും മറ്റൊന്നിൽ നിന്ന് അകറ്റി നിർത്താതെ സർവ്വരെയും ഒരേ കണ്ണിൽ വീക്ഷിക്കുന്ന മതമായി ഇസ്‌ലാം നിലകൊള്ളുന്നതും അത് കൊണ്ട് തന്നെ. ഇസ്‌ലാമിൽ ഒരാൾക്കും മറ്റൊരാൾക്ക് മേൽ യാതൊരു സ്ഥാനവുമില്ല; അവൻ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ നിറവേറ്റുന്നതിന്റെ തോതനുസരിച്ചല്ലാതെ.

ഇത് കൊണ്ട് തന്നെയാണ് നേരായ മനസ്സുള്ള ഏതൊരാൾക്കും ഇസ്‌ലാം സ്വീകാര്യമായി അനുഭവപ്പെടുന്നത്; കാരണം മനുഷ്യന്റെ ശുദ്ധമായ പ്രകൃതിക്ക് അനുയോജ്യമായാണ് അതുള്ളത്. എല്ലാ മനുഷ്യരും ജനിക്കുന്നത് നന്മയും നീതിയും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും ഉൾക്കൊണ്ടവനായാണ്. തന്റെ സ്രഷ്ടാവിനെ ഇഷ്ടമുള്ളവനായി, അവൻ മാത്രമാണ് ആരാധനകൾക്ക് അർഹതയുള്ളവൻ എന്ന കാര്യം അംഗീകരിക്കാൻ തയ്യാറുള്ള ഹൃദയവുമായാണ് അവൻ പിറന്നു വീഴുന്നത്. ഈ ശുദ്ധപ്രകൃതിയിൽ നിന്ന് ഒരാളും

തെറ്റിപ്പോവുകയില്ല; അതിൽ നിന്ന് അവനെ വ്യതിചലിപ്പിക്കുന്ന എന്തെങ്കിലും ബാഹ്യസ്വാധീനങ്ങൾ ഉണ്ടായാലല്ലാതെ. ഈ മതമാണ് -ഇസ്‌ലാമിനെയാണ്- ലോകരുടെ സ്രഷ്ടാവും ആരാധ്യനും രക്ഷിതാവുമായവൻ തൻ്റെ സൃഷ്ടികൾക്ക് വേണ്ടി തൃപ്തിപ്പെട്ടു നൽകിയിട്ടുള്ളത്.

എൻ്റെ മതമായ ഇസ്‌ലാം എന്നെ പഠിപ്പിച്ച അനേകം അദ്ധ്യാപനങ്ങളുണ്ട്; ഈ ലോകത്ത് ജീവിക്കുകയും, മരണം വന്നെത്തുകയും ചെയ്തതിന് ശേഷം മറ്റൊരു ലോകത്തേക്ക് എനിക്ക് യാത്രയാകാനുണ്ട് എന്നത് ഇസ്‌ലാം എന്നെ പഠിപ്പിച്ച കാര്യങ്ങളിലൊന്നാണ്. മനുഷ്യരെല്ലാം ചെന്നുചേരുന്ന -സ്വർഗത്തിലേക്കോ നരകത്തിലേക്കോ ആയി വേർതിരിക്കപ്പെടുന്ന- ആ ലോകമാണ് എന്നെന്നും നിലനിൽക്കുന്ന ശാശ്വതഭവനം.

ഇസ്‌ലാം മതം എന്നോട് കൽപ്പിക്കുന്ന അനേകം കാര്യങ്ങളുണ്ട്. എന്നെ വിലക്കുന്ന ചില കാര്യങ്ങളും അതിലുണ്ട്. ഈ കൽപ്പനകൾ ഞാൻ നിറവേറ്റുകയും, വിലക്കപ്പെട്ടവയിൽ നിന്ന് ഞാൻ വിട്ടുനിൽക്കുകയും ചെയ്താൽ ഇഹലോകത്തും പരലോകത്തും എനിക്ക് വിജയവും സൗഭാഗ്യവുമുണ്ട്. എന്നാൽ അവയിൽ ഞാൻ എന്തെങ്കിലും കുറവ് വരുത്തിയാൽ എൻ്റെ വീഴ്ച്ചകളുടെയും കുറവുകളുടെയും തോതനുസരിച്ച് ഇഹലോകത്തും പരലോകത്തും ഞാൻ ദൗർഭാഗ്യം നേരിടേണ്ടി വരികയും ചെയ്യും.

ഇസ്‌ലാം എന്നോട് കൽപ്പിച്ചതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം തൗഹീദാണ്; ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിനെ മാത്രം ആരാധിക്കുക

എന്നതാണ് അതിന്റെ അർത്ഥം. അതിനാൽ അല്ലാഹുവാണ് എന്റെ സ്രഷ്ടാവും എന്റെ ഏകആരാധ്യനുമെന്ന കാര്യം ഞാൻ സാക്ഷ്യം വഹിക്കുകയും, ദൃഢബോധ്യത്തോടെ വിശ്വസിക്കുകയും ചെയ്യുന്നു. അതിനാൽ അല്ലാഹുവിനെയല്ലാതെ ഞാൻ ആരാധിക്കുകയില്ല. അവനോടുള്ള സ്നേഹവും, അവന്റെ ശിക്ഷയെ ഭയന്നു കൊണ്ടും, അവന്റെ പ്രതിഫലം പ്രതീക്ഷിച്ചു കൊണ്ടും, അവനിൽ ഭരമേൽപ്പിച്ചു കൊണ്ടുമാണ് (ഞാൻ അവനെ ആരാധിക്കുക). ഈ പറഞ്ഞ തൗഹീദിലൂടെ അല്ലാഹുവിന്റെ ഏകത്വത്തിന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അവന്റെ ദൂതനായ മുഹമ്മദ് നബി (ﷺ) യുടെ പ്രവാചകത്വത്തിനും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി -ﷺ-; അല്ലാഹുവിൽ നിന്നുള്ള ദൂതന്മാരിൽ അന്തിമനാണ് അവിടുന്ന്. സർവ്വ ലോകർക്കും കാരുണ്യമായി കൊണ്ടാണ് അല്ലാഹു അവിടുത്തെ നിയോഗിച്ചിട്ടുള്ളത്. അവിടുത്തെ നിയോഗത്തോടെ പ്രവാചകത്വവും അല്ലാഹുവിൽ നിന്നുള്ള സന്ദേശങ്ങളും അവസാനിച്ചു. അവിടുത്തേക്ക് ശേഷം ഇനി മറ്റൊരു നബിയില്ല. എല്ലാ കാലഘട്ടത്തിനും ഏതു നാടിനും സർവ്വ സമൂഹത്തിനും അനുയോജ്യമായ സമഗ്രമായ മതവുമായാണ് നബി -ﷺ- നിയോഗിക്കപ്പെട്ടത്.

എന്റെ ദീൻ എന്നോട് കൽപ്പിച്ച കാര്യങ്ങളുണ്ട് എന്ന് പറഞ്ഞല്ലോ? അതിൽ പ്രധാനപ്പെട്ട കൽപ്പനയാണ് മലക്കുകളിലുള്ള വിശ്വാസവും, അല്ലാഹുവിൽ നിന്നുള്ള എല്ലാ ദൂതന്മാരിലുള്ള വിശ്വാസവും. അല്ലാഹുവിന്റെ ദൂതന്മാർ (നബിമാർ) അനേകമുണ്ട്; അവരിൽ

പ്രധാനികളാണ് നൂഹ് നബി -عَلَيْهِ السَّلَامُ-, ഇബ്രാഹീം നബി -عَلَيْهِ السَّلَامُ-, മൂസാ നബി -عَلَيْهِ السَّلَامُ-, ഈസാ നബി -عَلَيْهِ السَّلَامُ-, മുഹമ്മദ് നബി -ﷺ- എന്നിവർ.

അല്ലാഹു അവന്റെ നബിമാർക്ക് മേൽ അവതരിപ്പിച്ച വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കണമെന്നും ഈ ദീൻ എന്നോട് കൽപ്പിക്കുന്നു. വേദഗ്രന്ഥങ്ങളിൽ അവസാനത്തേതും, അവയിൽ ഏറ്റവും മഹത്തരവുമായ ഖുർആനിൽ വിശ്വസിക്കുകയും അതിലെ കൽപ്പനകൾ പിൻപറ്റുകയും ചെയ്യണമെന്നും എന്നോട് കൽപ്പിക്കപ്പെട്ടിരിക്കുന്നു.

അന്ത്യനാളിൽ വിശ്വസിക്കണമെന്നതും ഇസ്‌ലാമിലുള്ള മറ്റൊരു കൽപ്പനയാണ്; ജനങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം നൽകപ്പെടുന്ന ദിവസമാണത്. അല്ലാഹുവിന്റെ വിധിയിലുള്ള വിശ്വാസവും ഇസ്‌ലാം എന്നോട് കൽപ്പിച്ച കാര്യമാണ്. ഈ ലോകത്തുള്ള ജീവിതത്തിൽ സംഭവിക്കുന്ന നന്മകളിലും തിന്മകളിലും തൃപ്തിയുള്ളവനായിരിക്കാനും, അതോടൊപ്പം വിജയത്തിലേക്കും സൗഭാഗ്യത്തിലേക്കും നയിക്കുന്ന മാർഗങ്ങൾ സ്വീകരിക്കാനും ഈ വിശ്വാസം എന്നെ പഠിപ്പിക്കുന്നു.

അല്ലാഹുവിന്റെ വിധിയിലുള്ള വിശ്വാസം എന്റെ മനസ്സിന് സമാധാനവും സ്വസ്ഥതയും ക്ഷമയും നൽകുന്നു. നഷ്ടപ്പെട്ടു പോയ ഒരു കാര്യത്തിലും നിരാശനാകാതിരിക്കാനും അതെന്നെ സഹായിക്കുന്നു. കാരണം എന്നെ ബാധിച്ച കാര്യങ്ങളൊന്നും എനിക്ക് ബാധിക്കാതെ പോകില്ലായിരുന്നു എന്നും, എനിക്ക് ലഭിക്കാതെ

പോയതൊന്നും എനിക്ക് ലഭിക്കേണ്ടതായിരുന്നില്ലെന്നും ഈ വിശ്വാസമുള്ളതിനാൽ എനിക്ക് ഉറച്ച ബോധ്യമുണ്ട്. എല്ലാ കാര്യങ്ങളും അല്ലാഹു വിധിക്കുകയും അവൻ രേഖപ്പെടുത്തി വെക്കുകയും ചെയ്തിരിക്കുന്നു. എന്റെ മേലുള്ളത് കാരണങ്ങൾ സ്വീകരിക്കുക എന്നതും, അതിന് ശേഷം സംഭവിക്കുന്നതിൽ തൃപ്തിയടയുക എന്നതും മാത്രമാണ്.

എന്റെ ആത്മാവിനെ ശുദ്ധീകരിക്കുന്ന സൽകർമ്മങ്ങളും എന്റെ രക്ഷിതാവായ അല്ലാഹുവിന് തൃപ്തികരമായ മഹത്തരമായ സ്വഭാവങ്ങളുമാണ് ഇസ്‌ലാം എന്നോട് കൽപ്പിക്കുന്നത്. അവ എന്റെ മനസ്സിനെ ശുദ്ധീകരിക്കുകയും എന്റെ ഹൃദയത്തിന് സൗഭാഗ്യമേകുകയും, എന്റെ മനം വിശാലമാക്കുകയും, എന്റെ മാർഗം പ്രകാശമുള്ളതാക്കുകയും ചെയ്യുന്നു. സമൂഹത്തിന് പ്രയോജനമേകുന്ന ഒരു അംഗമായി എന്നെ പരിവർത്തിപ്പിക്കാൻ അതിന് സാധിക്കുന്നു.

ഇസ്‌ലാമിലെ സൽകർമ്മങ്ങളിൽ ഏറ്റവും മഹത്തരമായിട്ടുള്ളത് തൗഹീദാണ്; ആരാധനകൾ അല്ലാഹുവിന് ഏകമാക്കുക എന്നാണ് അതിന്റെ അർത്ഥം. പിന്നീട് രാത്രിയും പകലുമായി നിർവ്വഹിക്കേണ്ട അഞ്ചു നേരത്തെ നിസ്കാരങ്ങളും, സമ്പത്തിൽ നിന്ന് നൽകേണ്ട നിർബന്ധദാനമായ സകാത്തും, വർഷത്തിൽ ഒരിക്കൽ നിർവ്വഹിക്കേണ്ട റമദാൻ മാസത്തിലെ നോമ്പും, സാധ്യമാകുന്നവർ മക്കയിലുള്ള കഅ്ബയിലേക്ക് തീർത്ഥയാത്ര നടത്തുന്ന ഹജ്ജും ഏറ്റവും പ്രധാനപ്പെട്ട കർമ്മങ്ങളാണ്.

എന്റെ ഹൃദയത്തിന് വിശാലത നൽകുന്ന ഏറ്റവും

മഹത്തരമായ ഒരു കാര്യം ഈ ദീൻ പഠിപ്പിച്ചു തന്നിട്ടുണ്ട്; അല്ലാഹുവിന്റെ സംസാരമായ വിശുദ്ധ ഖുർആൻ ധാരാളമായി പാരായണം ചെയ്യുക എന്നതാണത്. സംസാരങ്ങളിൽ ഏറ്റവും സത്യസന്ധവും, ഏറ്റവും മനോഹരവും മഹത്തരവുമായ വചനങ്ങളാണ് അതിലുള്ളത് മുഴുവൻ. ആദ്യകാലക്കാരുടെയും അവസാനകാലക്കാരുടെയും വിജ്ഞാനങ്ങൾ ഉൾക്കൊള്ളുന്ന ഏറ്റവും ആശയനിബിഢമായ ഗ്രന്ഥമാകുന്നു ഖുർആൻ. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക എന്നതും അത് ശ്രദ്ധിച്ചു കേൾക്കുക എന്നതും ഹൃദയത്തിലേക്ക് സമാധാനവും ശാന്തിയും സ്വസ്ഥതയും പകരുമെന്നതിൽ സംശയമില്ല. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന വ്യക്തിക്കോ കേൾക്കുന്ന വ്യക്തിക്കോ അറബിയിൽ വലിയ വിജ്ഞാനമില്ലെങ്കിൽ പോലും ഈ സ്വാധീനം പ്രകടമാണ് എന്നത് ഖുർആനിന്റെ അത്ഭുതങ്ങളിൽ പെട്ടതാണ്.

ഹൃദയവിശാലത നൽകാൻ സഹായിക്കുന്ന മഹത്തരമായ അനേകം കൽപ്പനകൾ വേറെയുമുണ്ട്; ധാരാളമായി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും, അവനിലേക്ക് അഭയം തേടിയണയുകയും, ചെറുതും വലുതുമായ ഏതു കാര്യവും അവനോട് ചോദിക്കുകയും ചെയ്യുക എന്നത് അതിൽ പെട്ടതാണ്. തന്നോട് പ്രാർത്ഥിക്കുകയും ആരാധനകൾ തനിക്ക് മാത്രമായി സമർപ്പിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു ഉത്തരം നൽകുന്നതാണ്.

ഹൃദയവിശാലത നൽകുന്ന മറ്റൊരു പ്രധാനപ്പെട്ട കർമ്മം: ധാരാളമായി അല്ലാഹുവിനെ സ്മരിക്കുക

എന്നതാണ്.

എങ്ങനെയാണ് അല്ലാഹുവിനെ സ്മരിക്കേണ്ടതെന്നും, അല്ലാഹുവിനെ സ്മരിക്കാനുള്ള ഏറ്റവും ശ്രേഷ്ഠമായ വാക്കുകളേതെന്നും നബി -ﷺ- എനിക്ക് അറിയിച്ചു തന്നിട്ടുണ്ട്. വിശുദ്ധ ഖുർആനിന് ശേഷം ഏറ്റവും മഹത്തരമായ വാക്കുകൾ എന്ന് നബി -ﷺ- അറിയിച്ച നാല് വാക്കുകൾ അതിൽ പെട്ടതാണ്: സുബ്ഹാനല്ലാഹ് (അല്ലാഹുവിനെ ഞാൻ പരിശുദ്ധപ്പെടുത്തുന്നു), അൽഹംദുലില്ലാഹ് (അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു), ലാ ഇലാഹ ഇല്ലല്ലാഹ് (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി ഒരാളുമില്ല), അല്ലാഹു അക്ബർ (അല്ലാഹുവാകുന്നു ഏറ്റവും വലിയവൻ) എന്നിവയാണ് ആ നാല് വാക്കുകൾ.

അസ്തഗ്ഫിറുല്ലാഹ് (അല്ലാഹുവിനോട് ഞാൻ പാപമോചനം തേടുന്നു), ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹ് (അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു ശക്തിയോ മാറ്റമോ ഇല്ല) എന്നീ വാക്കുകളും അല്ലാഹുവിനെ സ്മരിക്കുന്ന വാക്കുകൾ തന്നെ.

ഹൃദയങ്ങളെ വിശാലമാക്കുന്നതിലും മനസ്സുകൾക്ക് സ്വസ്ഥത പകരുന്നതിലും ഈ വാക്കുകൾക്ക് വലിയ സ്ഥാനവും സ്വാധീനവുമുണ്ട്.

എന്റെ മാനുഷിക മൂല്യങ്ങൾക്കും ആദരവിനും വിരുദ്ധമാകുന്ന, എന്റെ സ്ഥാനം ഇകഴ്ത്തുന്ന എല്ലാ കാര്യങ്ങളിൽ നിന്നും അകൽച്ച പാലിക്കുകയും ഔന്നത്യം കാത്തുസൂക്ഷിക്കുകയും ചെയ്യാൻ ഇസ്‌ലാം എന്നോട് കൽപ്പിക്കുന്നു. എന്റെ ഇഹലോകത്തും

പരലോകത്തും എനിക്ക് ഉപകരിക്കുന്ന പ്രയോജനകരമായ കാര്യങ്ങളിൽ മാത്രം എന്റെ ബുദ്ധിയും പരിശ്രമവും ചിലവഴിക്കാനും ഇസ്‌ലാം എന്നോട് കൽപ്പിക്കുന്നു.

കാരുണ്യവും നല്ല സ്വഭാവവും ശുദ്ധമായ ഇടപാടുകളും, ജനങ്ങളോട് സാധ്യമായ വിധത്തിലെല്ലാം വാക്കുകളാലും പ്രവർത്തികളാലും നന്മ ചെയ്യാനും ഇസ്‌ലാം എന്നോട് കൽപ്പിക്കുന്നു.

സൃഷ്ടികളോടുള്ള ബാധ്യതകളിൽ എന്നോട് കൽപ്പിക്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം; മാതാപിതാക്കളോടുള്ള ബാധ്യതയാണ്. അവരോട് രണ്ട് പേരോടും നന്മയിൽ വർത്തിക്കാനും, അവർക്ക് നന്മ ആഗ്രഹിക്കാനും, അവരെ സന്തോഷിപ്പിക്കുന്നതിനായി പരിശ്രമിക്കാനും, അവർക്ക് പ്രയോജനകരമായ കാര്യം ചെയ്യാനും ഈ മതം എന്നെ പഠിപ്പിക്കുന്നു. അവർക്ക് വാർദ്ധക്യം ബാധിച്ചാൽ ഈ കൽപ്പന വീണ്ടും ശക്തമാകുന്നു. ഇസ്‌ലാമിക സമൂഹങ്ങളിൽ മാതാവിനും പിതാവിനും ഉന്നതമായ പരിഗണനയും സ്ഥാനവും ആദരവും നൽകപ്പെടുന്നതായി നിനക്ക് കാണാൻ കഴിയുന്നത് ഇതു കൊണ്ടാണ്. അവരുടെ മക്കൾ മാതാപിതാക്കളെ സേവിക്കാൻ മത്സരിക്കുന്നതും ഇതിനാൽ തന്നെ. മാതാപിതാക്കൾക്ക് പ്രായം അധികരിക്കുന്നതിന് അനുസരിച്ച്, അതല്ലെങ്കിൽ അവർക്ക് രോഗമോ പ്രയാസമോ ബാധിക്കുന്നതിന് അനുസരിച്ച്... അവരോടുള്ള മക്കളുടെ നന്മകൾ അധികരിക്കുകയും ബാധ്യതകൾ വർദ്ധിക്കുകയും ചെയ്യുന്നതാണ്.

സ്ത്രീകൾക്ക് ഇസ്‌ലാമിൽ ഉയർന്ന ആദരവും

മഹത്തരമായ അവകാശങ്ങളുമുണ്ട് എന്നും ഇസ്‌ലാം എന്നെ പഠിപ്പിച്ചിരിക്കുന്നു. ഇസ്‌ലാമിലെ വിധിവിലക്കുകളുടെ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരുടെ നേർപകുതിയാണ്. ജനങ്ങളിൽ ഏറ്റവും നല്ലവർ തന്റെ ഭാര്യയോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ് എന്നാണ് നബി -ﷺ- പഠിപ്പിച്ചത്. മുസ്‌ലിമായ ഒരു സ്ത്രീ കുട്ടിയായിരിക്കുമ്പോൾ അവൾക്ക് മാതാവിന്റെ മുലപ്പാലിന് അവകാശമുണ്ട്. അവളെ നല്ല നിലയിൽ വളർത്താൻ മാതാപിതാക്കളുടെ മേൽ ബാധ്യതയുണ്ട്. ഈ കാലയളവിലെല്ലാം തന്റെ രക്ഷിതാക്കളുടെ കണ്ണിന് കുളിർമ്മയേകിയും, അവളുടെ സഹോദരങ്ങളുടെ പ്രിയങ്കരിയായും അവൾ വളർന്നു വരുന്നു.

അവൾ വളർന്നു വലുതാകുന്നതോടെ ആദരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു; അവളുടെ രക്ഷിതാക്കൾക്ക് അവളുടെ കാര്യത്തിൽ ആത്മാഭിമാനമുണ്ട്; തങ്ങളുടെ ശ്രദ്ധയും പരിചരണവും കൊണ്ട് അവർ അവൾക്ക് കവചമൊരുക്കുന്നു. ഒരാളും അവളുടെ നേർക്ക് മോശമായി കയ്യോ നാവോ നീട്ടുന്നത് അവർ തൃപ്തിപ്പെടുകയില്ല. ഒരുവന്റെയും കള്ളക്കണ്ണുകൾ അവളിലേക്ക് നീളുന്നതും അവർക്ക് സഹിക്കവയ്യ.

അവൾ വിവാഹിതയാകുന്നത് അല്ലാഹുവിന്റെ വചനത്തിന് മേലും, അവന്റെ പേരിലുള്ള ഗൗരവപ്പെട്ട കരാറിനാലുമാണ്. അതിനാൽ ഭർത്താവിന്റെ വീട്ടിൽ അവൾക്ക് ലഭിക്കുക ഏറ്റവും ആധിക്യത്വമുള്ള സ്വീകരണമാണ്. അവളെ ആദരിക്കുക എന്നതും അവളോട് നന്മയിൽ വർത്തിക്കുക എന്നതും അവളെ

ഉപദ്രവിക്കാതിരിക്കുക എന്നതും ഭർത്താവിന്റെ മേൽ നിർബന്ധമാണ്.

അവൾ ഒരു മാതാവാകുന്നതോടെ, അവളോടുള്ള അവകാശങ്ങൾ പഠിപ്പിക്കപ്പെടുന്നത് അല്ലാഹുവിനോടുള്ള അവകാശത്തോടൊപ്പമാണ്. അവളെ ധിക്കരിക്കുന്നതും അവളോട് മോശമായി വർത്തിക്കുന്നതും അല്ലാഹുവിൽ പങ്കുചേർക്കുക എന്ന ഏറ്റവും ഗുരുതരമായ തിന്മയോടും, ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കുക എന്ന അപരാധത്തോടും കൂടെയാണ് എണ്ണപ്പെട്ടിരിക്കുന്നത്.

അവൾ സഹോദരിയാണെങ്കിൽ അവളുമായി ബന്ധം പുലർത്താനും അവളെ ആദരിക്കാനും അവളുടെ അഭിമാനം സംരക്ഷിക്കാനും ബാധ്യസ്ഥനാണ് അവളുടെ സഹോദരങ്ങൾ. അവൾ ഒരാളുടെ മാതൃസഹോദരിയാണെങ്കിൽ അയാൾ മാതാവിനോടുള്ളത് പോലെ അവളോടും കുടുംബബന്ധം പുലർത്തുകയും നന്മ ചെയ്യുകയും വേണം.

അവൾ ഉമ്മയുടെ ഉമ്മയാവുകയോ അതല്ലെങ്കിൽ അവൾക്ക് വാർദ്ധക്യം ബാധിക്കുകയോ ചെയ്താൽ മക്കളുടെയും പേരമക്കളുടെയും എല്ലാ കുടുംബങ്ങളുടെയും അടുക്കൽ അവൾക്കുള്ള സ്ഥാനം വർദ്ധിക്കുന്നു. അവളുടെ ഒരാവശ്യവും നിരസിക്കപ്പെടുകയോ അവളുടെ ഒരു നിർദേശവും അവഗണിക്കപ്പെടുകയോ ചെയ്യുന്നില്ല!

ഇനി അവളുമായി ബന്ധമില്ലാത്ത പുരുഷന്മാരാണെങ്കിൽ പോലും അവളോട് ഇസ്‌ലാമിന്റെ പൊതുമര്യാദയുടെ ഭാഗമായി അവളെ

പ്രയാസപ്പെടുത്താതിരിക്കാനും, അവളിൽ നിന്ന് കണ്ണുകൾ താഴ്ത്താനും മറ്റുമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

ഇസ്‌ലാമിക സമൂഹങ്ങൾ കാലങ്ങളായി ഈ മര്യാദകൾ ഏറ്റവും നല്ല രൂപത്തിൽ പുലർത്തി വരുന്നു. സ്ത്രീക്ക് ഇസ്‌ലാമിക സമൂഹത്തിൽ കാണപ്പെടുന്ന സ്ഥാനവും പരിഗണനയും മറ്റൊരു സമൂഹത്തിൽ നിനക്ക് കണ്ടെത്താൻ കഴിയില്ല.

ഇതിനെല്ലാം പുറമെ ഇസ്‌ലാം സ്ത്രീക്ക് സ്വത്തവകാശവും, കച്ചവടത്തിന്റെ ഭാഗമായി വിൽക്കാനും വാങ്ങാനും എല്ലാ കരാറുകളിലും ഏർപ്പെടാനും അനുവാദം നൽകിയിരിക്കുന്നു. പഠിക്കാനും പഠിപ്പിക്കാനും ജോലി ചെയ്യാനും അവൾക്ക് അനുവാദമുണ്ട്; ഇവയിലെല്ലാം ഇസ്‌ലാമിക മര്യാദകളും വിധിവിലക്കുകളും പാലിച്ചിരിക്കണം എന്ന് മാത്രം. എന്തിനധികം! സ്ത്രീകൾക്കും പുരുഷന്മാർക്കും പഠിക്കൽ നിർബന്ധമായ, ഉപേക്ഷിച്ചാൽ ശിക്ഷാർഹമായ വിജ്ഞാനീയങ്ങളെ കുറിച്ച് വരെ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.

സ്ത്രീകൾക്ക് മാത്രം പ്രത്യേകമായ കാര്യങ്ങൾ ഒഴിച്ചു നിർത്തിയാൽ പുരുഷന്മാർക്കുള്ളതെല്ലാം അവൾക്കുമുണ്ട്. ചില അവകാശങ്ങളിലും വിധിവിലക്കുകളിലും ഓരോരുത്തർക്കും അനുയോജ്യമായത് വിധിക്കപ്പെട്ടിട്ടുണ്ട് എങ്കിൽ അതിൽ മാത്രമാണ് അവൾക്ക് പുരുഷന്മാരിൽ നിന്ന് വ്യതിരിക്തതയുള്ളത്.

എന്റെ സഹോദരങ്ങളെയും സഹോദരിമാരെയും, എന്റെ പിതൃസഹോദരങ്ങളെയും

പിതൃസഹോദരികളെയും, എന്റെ മാതൃസഹോദരങ്ങളെയും മാതൃസഹോദരികളെയും എല്ലാ കുടുംബക്കാരെയും സ്നേഹിക്കാനാണ് എന്റെ ദീൻ എന്നോട് കൽപ്പിക്കുന്നത്. എന്റെ ഭാര്യയോടും മക്കളോടും എന്റെ അയൽവാസികളോടുമുള്ള ബാധ്യതകൾ നിറവേറ്റാനും ഇസ്‌ലാം എന്നോട് കൽപ്പിക്കുന്നു.

എന്നോട് പഠിക്കുവാനും, എന്റെ ബുദ്ധിയെയും സ്വഭാവത്തെയും ചിന്തയെയും ഉന്നതിയിലേക്കെത്തിക്കുന്ന കാര്യങ്ങൾ നേടിയെടുക്കാനും എന്റെ ദീൻ എന്നോട് കൽപ്പിക്കുന്നു.

ലജ്ജയും ക്ഷമയും ഉദാരതയും ധീരതയും യുക്തിയും വിവേകവും വിട്ടുവീഴ്ചയും വിശ്വസ്തതയും വിനയവും ജീവിതവിശുദ്ധിയും വാഗ്ദത്തപാലനവും ജനങ്ങൾക്ക് നന്മ ആഗ്രഹിക്കുന്നതും ഉപജീവനം അന്വേഷിക്കലും ദരിദ്രരോട് അനുകമ്പ പുലർത്തലും രോഗിയെ സന്ദർശിക്കലും കരാർ പാലനവും നല്ല സംസാരവും മുഖപ്രസന്നതയോടെ ജനങ്ങളെ സ്വീകരിക്കലും സാധ്യമായ വിധത്തിലെല്ലാം അവർക്ക് സൗഭാഗ്യം നേടിക്കൊടുക്കാൻ ശ്രമിക്കലും എന്റെ സ്വഭാവമായി മാറ്റണമെന്നും ഇസ്‌ലാം എന്നോട് കൽപ്പിക്കുന്നു.

ഈ പറഞ്ഞ സൽസ്വഭാവങ്ങളുടെ നേർവിപരീതമായ കാര്യങ്ങളിൽ നിന്ന് ഇസ്‌ലാം എന്നെ വിലക്കുകയും ചെയ്യുന്നു. അജ്ഞതയിൽ നിന്നും, (അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോകത്തെയും) നിഷേധിക്കുന്നതിൽ നിന്നും,

ദീനിന്റെ കാര്യങ്ങളെ തള്ളിപ്പറയുന്നതിൽ നിന്നും, അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നതിൽ നിന്നും, വൃത്തികേടുകളും വ്യഭിചാരവും സ്വവർഗരതിയും പോലുള്ള മ്ലേഛവൃത്തികളിൽ നിന്നും, അഹങ്കാരവും അസൂയയും വിദ്വേഷവും ജനങ്ങളെ കുറിച്ച് മോശം ധരിക്കലും പോലുള്ള ദുഃസ്വഭാവങ്ങളിൽ നിന്നും ഇസ്‌ലാം എന്നെ വിലക്കുന്നു. കഠിനമായ ദുഖവും ദുഃശകുനം കാണലും കളവും മടിയും പിശുക്കും ഭീരുത്വവും കോപവും നശീകരണവും വിഡ്ഢിത്തവും ജനങ്ങളോട് മോശം പ്രവർത്തിക്കലും ഉപേക്ഷിക്കാനും ഇസ്‌ലാം എന്നെ പഠിപ്പിക്കുന്നു. ഒരു പ്രയോജനവുമില്ലാതെ അധികമായി സംസാരിക്കുന്നതോ, രഹസ്യങ്ങൾ പരസ്യമാക്കുന്നതോ, വഞ്ചനയും വാഗ്ദത്ത ലംഘനവും നടത്തുന്നതോ, മാതാപിതാക്കളെ ഉപദ്രവിക്കുന്നതോ കുടുംബബന്ധം മുറിക്കുന്നതോ സന്താനങ്ങളെ അവഗണിക്കുന്നതോ അയൽവാസിയെയും മറ്റു ജനങ്ങളെയും പ്രയാസപ്പെടുത്തുന്നതോ ഒന്നും ഇസ്‌ലാം മുറുകെപിടിക്കുന്ന വ്യക്തിക്ക് പാടില്ലാത്ത കാര്യങ്ങളാണ്.

മദ്യവും ലഹരിമരുന്നുകളും ഉപയോഗിക്കുന്നതിൽ നിന്നും ഇസ്‌ലാം എന്നെ വിലക്കുന്നു. സമ്പത്ത് കൊണ്ട് ചൂതു കളിക്കുന്നതും, മോഷണം നടത്തുന്നതും, ചതിയും വഞ്ചനയും നടത്തുന്നതും, ജനങ്ങളെ ഭയപ്പെടുത്തുന്നതും, ചാരപ്പണി നടത്തുന്നതും, ജനങ്ങളുടെ രഹസ്യങ്ങൾ അന്വേഷിച്ചിറങ്ങുന്നതും ഇസ്‌ലാം വിലക്കിയ കാര്യങ്ങളിൽ പെട്ടതാണ്.

എന്റെ ദീനായ ഇസ്‌ലാം സമ്പത്ത് സംരക്ഷിക്കുന്നു.

അതിലൂടെ സമാധാനവും നിർഭയത്വവും ജനങ്ങൾക്കിടയിൽ വ്യാപിക്കുന്നതാണ്. ഇതു കൊണ്ടാണ് വിശ്വസ്തതയെന്ന ഗുണം ഇസ്‌ലാമിൽ ഏറെ പ്രോത്സാഹിപ്പിക്കപ്പെട്ടത്. അവർക്ക് സുഖകരമായ ജീവിതവും പരലോകത്ത് സ്വർഗവുമുണ്ടായിരിക്കും എന്ന് ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നു. മോഷണം ഇസ്‌ലാമിൽ നിഷിദ്ധമാണ്; ഇഹലോകത്തും പരലോകത്തും മോഷ്ടാക്കൾക്ക് ഗുരുതരമായ ശിക്ഷയുണ്ട് എന്ന താക്കീതും ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളിൽ പെട്ടതാണ്.

ജീവൻ സംരക്ഷിക്കുന്നതിലും എന്റെ മതമായ ഇസ്‌ലാമിന് മഹത്തരമായ അദ്ധ്യാപനങ്ങളുണ്ട്; അന്യായമായി ഒരു ജീവൻ ഹനിക്കുന്നത് നിഷിദ്ധമാണെന്നും, മറ്റൊരാൾക്ക് മേൽ ഏതൊരു നിലക്കുള്ള അതിക്രമവും -അത് നാവു കൊണ്ടുള്ളതാണെങ്കിൽ പോലും- നിഷിദ്ധമാണെന്നും ഇസ്‌ലാം പഠിപ്പിക്കുന്നു.

മറ്റുള്ളവരുടെ ജീവൻ ഹനിക്കുന്നതിന്റെ കാര്യം അവിടെ നിൽക്കട്ടെ; സ്വന്തം ശരീരത്തിന്റെ കാര്യത്തിൽ പോലും അതിക്രമം പാടില്ലെന്നാണ് ഇസ്‌ലാം പഠിപ്പിച്ചത്. തന്റെ ബുദ്ധിയെ നശിപ്പിക്കുന്നതോ ആരോഗ്യത്തെ ദുർബലപ്പെടുത്തുന്നതോ സ്വജീവൻ ഹനിക്കാൻ കാരണമാകുന്നതോ ആയ ഒരു കാര്യവും ഇസ്‌ലാം അനുവദിക്കുന്നില്ല.

മനുഷ്യർക്ക് അർഹമായ സ്വാതന്ത്ര്യം ഇസ്‌ലാം ഉറപ്പു നൽകുകയും, അത് കൃത്യമായി ക്രമീകരിക്കുകയും ചെയ്തിരിക്കുന്നു. ഇസ്‌ലാമിൽ മനുഷ്യന് അവന്റെ ചിന്തയിലും കച്ചവടത്തിലും യാത്രയിലും

സ്വാതന്ത്ര്യമുണ്ട്; ഈ ലോകത്തെ മനോഹരമായ ഭക്ഷണങ്ങളും പാനീയങ്ങളും വസ്ത്രങ്ങളും ഉപയോഗിക്കാൻ അനുവാദമുണ്ട്. എന്നാൽ ഇവയൊന്നും അല്ലാഹു വിലക്കിയതായിരിക്കാൻ പാടില്ല. അല്ലാഹു വിലക്കിയ കാര്യങ്ങളെല്ലാം തന്നെ ഉപദ്രവകരങ്ങളായിരിക്കും. അത് പ്രവർത്തിക്കുന്നവനോ അല്ലെങ്കിൽ മറ്റുള്ളവർക്കോ അത് ഉപദ്രവകരമായിരിക്കും.

സ്വാതന്ത്ര്യത്തെ കൃത്യമായി ക്രമീകരിച്ച മതമാണ് ഇസ്‌ലാം. മറ്റൊരാൾക്ക് മേൽ അതിക്രമം നടത്താൻ ഇസ്‌ലാം ഒരിക്കലും അനുവാദം നൽകുന്നില്ല. തന്റെ സമ്പാദ്യത്തെയും സൗഭാഗ്യത്തെയും മാനുഷിക മൂല്യങ്ങളെയും തകർക്കുന്ന ആസ്വാദനങ്ങളിൽ കെട്ടഴിച്ചു വിടാൻ ഇസ്‌ലാം അവനെ അനുവദിക്കുന്നില്ല.

സർവ്വ കാര്യങ്ങളിലും ഞങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട് എന്ന് അവകാശപ്പെട്ടവരുടെ കാര്യം നോക്കൂ; മനസ്സിന്റെ എല്ലാ ഇഷ്ടങ്ങളുടെയും താൽപ്പര്യങ്ങളുടെയും പിറകെ പോവുകയും, മതനിഷ്ഠയുടെയും ബുദ്ധിയുടെയും എല്ലാ കെട്ടുപാടുകളെയും കാറ്റിൽ പറത്തുകയും ചെയ്തവർ ഏറ്റവും കടുത്ത ദൗർഭാഗ്യത്തിലും ഇടുക്കത്തിലുമാണ് ജീവിക്കുന്നത് എന്ന് നിനക്ക് കാണാൻ സാധിക്കും. അവരിൽ ചിലരെല്ലാം തങ്ങൾ നേരിടുന്ന മാനസിക സമ്മർദ്ധത്തിൽ നിന്നുള്ള രക്ഷയായി ആത്മഹത്യയിൽ അഭയം തേടുകയാണ് ചെയ്യുന്നത്.

ഭക്ഷണം കഴിക്കുമ്പോഴും വെള്ളം കുടിക്കുമ്പോഴും ഉറങ്ങുമ്പോഴും ജനങ്ങളോട് സംസാരിക്കുമ്പോഴുമെല്ലാം പാലിക്കേണ്ട ഉന്നതമായ

മര്യാദകളും ഇസ്‌ലാം എനിക്ക് പഠിപ്പിച്ചു തന്നിരിക്കുന്നു.

വിൽക്കുമ്പോഴും വാങ്ങുമ്പോഴും അവകാശങ്ങൾ ആവശ്യപ്പെടുമ്പോഴും സൗമ്യതയും സഹിഷ്ണുതയും പാലിക്കണമെന്നും എന്റെ ദീൻ എന്നെ പഠിപ്പിച്ചിരിക്കുന്നു. ഇസ്‌ലാമിൽ പ്രവേശിക്കാത്തവരോടാണെങ്കിലും വിട്ടുവീഴ്ച്ചാ മനോഭാവം സ്വീകരിക്കാൻ ഇസ്‌ലാം എന്നെ പഠിപ്പിച്ചിട്ടുണ്ട്. അവരോടാണെങ്കിലും ഞാൻ അനീതി ചെയ്തു കൂടാ. അവരുടെ കാര്യത്തിൽ തെറ്റു പ്രവർത്തിച്ചു കൂടാ. മറിച്ച്, അവരോട് നന്മ ചെയ്യുകയും, അവർക്ക് നന്മ ലഭിക്കാൻ ആഗ്രഹിക്കുകയും ചെയ്യുകയാണ് വേണ്ടത്.

ഇസ്‌ലാമിന്റെ ചരിത്രം പരിശോധിച്ചാൽ എതിരാളികളോട് അവർ പുലർത്തിയ വിട്ടുവീഴ്ച്ചയുടെ അത്ഭുതകരമായ ചരിത്രങ്ങൾ കണ്ടെത്താൻ കഴിയും; അതിന് സമാനമായത് ഒരു സമൂഹത്തിന്റെയും ചരിത്രത്തിൽ കാണാൻ കഴിയില്ല. വ്യത്യസ്തങ്ങളായ മതവിഭാഗങ്ങൾക്കിടയിൽ മുസ്‌ലിംകൾ ജീവിച്ചിട്ടുണ്ട്. പല മതങ്ങളും ഇസ്‌ലാമിന്റെ അധികാരത്തിന് കീഴിലും വന്നിട്ടുണ്ട്. എന്നാൽ മനുഷ്യർക്കിടയിൽ സാധ്യമായ ഏറ്റവും നല്ല സ്വഭാവങ്ങളിലും മര്യാദകളിലും മാത്രമാണ് മുസ്‌ലിംകൾ നിലകൊണ്ടത്.

ചുരുക്കത്തിൽ, ഇസ്‌ലാം സൂക്ഷ്മമായ മര്യാദകളും ഏറ്റവും നല്ല ഇടപാടിന്റെ രീതികളും മാന്യമായ സ്വഭാവങ്ങളും എന്നെ പഠിപ്പിച്ചിരിക്കുന്നു. അതിലൂടെ എന്റെ ജീവിതം പരിശുദ്ധമാവുകയും എന്റെ സന്തോഷം പൂർണ്ണമാവുകയും ചെയ്യുന്നു. എന്റെ ജീവിതത്തിൽ കലർപ്പുകൾ കൊണ്ടുവരുന്ന

എല്ലാത്തിൽ നിന്നും ഇസ്ലാം എന്നെ വിലക്കുകയാണ് ചെയ്തത്. പൊതുസാമൂഹിക ജീവിതത്തിനോ വ്യക്തികൾക്കോ സമ്പത്തിനോ ബുദ്ധിവൈഭവത്തിനോ മാന്യതക്കോ അഭിമാനത്തിനോ കോട്ടം തട്ടിക്കുന്ന എല്ലാം ഇസ്ലാം വിലക്കുകയും ചെയ്തിരിക്കുന്നു.

ഇസ്ലാമിക അദ്ധ്യാപനങ്ങൾ ഞാൻ എത്ര മുറുകെ പിടിക്കുന്നോ, അത്രത്തോളം എന്റെ ജീവിതം സൗഭാഗ്യ പൂർണ്ണമാകുന്നു. ഈ അദ്ധ്യാപനങ്ങൾ നിറവേറ്റുന്നതിൽ ഞാൻ എത്രയെല്ലാം കുറവ് വരുത്തുന്നോ, അത്രയും എന്റെ ജീവിതത്തിലെ സൗഭാഗ്യം കുറയുകയും ചെയ്യും.

എന്നാൽ ഈ പറഞ്ഞതിന്റെയെല്ലാം അർഥം ഞാൻ ഒരു തെറ്റും സംഭവിക്കാത്ത, യാതൊരു കുറവുകളുമില്ലാത്ത ഒരാളാണെന്നല്ല. മറിച്ച് എന്റെ മാനുഷികമായ പ്രകൃതത്തെ ഏറ്റവുമധികം ഇസ്ലാം പരിഗണിച്ചിട്ടുണ്ട്. എനിക്ക് ചില സന്ദർഭങ്ങളിൽ സംഭവിച്ചേക്കാവുന്ന ദുർബലതയെയും അത് കണക്കിലെടുത്തിട്ടുണ്ട്. എന്നിൽ നിന്ന് അബദ്ധങ്ങളും കുറവുകളും അതിർകവിച്ചിലുകളും സംഭവിക്കാം എന്നതിനാൽ പശ്ചാത്താപത്തിന്റെയും പാപമോചനത്തിന്റെയും അല്ലാഹുവിലേക്ക് മടങ്ങിച്ചെല്ലുന്നതിന്റെയും വാതിലുകൾ എനിക്കായി ഇസ്ലാം തുറന്നു വെച്ചിരിക്കുന്നു. തൗബ (പ്രായശ്ചിത്തം) എന്റെ കുറവുകളുടെയും തെറ്റുകളുടെയും സ്വാധീനങ്ങളെ മായ്ച്ചു കളയുന്നു. എന്റെ റബ്ബിന്റെ അരികിൽ എന്റെ സ്ഥാനം വർദ്ധിക്കാനും അത് കാരണമാകുന്നു.

ഇസ്‌ലാമിലെ വിശ്വാസപരവും സ്വഭാവപരവുമായ എല്ലാ പാഠങ്ങളുടെയും, പെരുമാറ്റത്തിലും ഇടപാടുകളിലും പാലിക്കേണ്ടതായ മര്യാദകളുടെയും അടിസ്ഥാന സ്രോതസ്സ് വിശുദ്ധ ഖുർആനും പരിശുദ്ധമായ നബിചര്യയുമാണ്.

അവസാനമായി -ദൃഢബോധ്യത്തോടെ- ഞാൻ പറയട്ടെ; ലോകത്തിന്റെ ഏതു ഭാഗത്തുള്ള ഏതൊരു മനുഷ്യനും യഥാർത്ഥ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളെ നീതിയോടെയും ബാഹ്യസമ്മർദ്ധങ്ങളുടെ സ്വാധീനമില്ലാതെയും പരിശോധനക്ക് വിധേയമാക്കിയാൽ അവന് ഇസ്‌ലാം സ്വീകരിക്കുക എന്നതല്ലാതെ മറ്റൊരു മാർഗവും സാധ്യമാവില്ല. എന്നാൽ ഇസ്‌ലാമിനെതിരെയുള്ള വ്യാപകമായ കുപ്രചരണങ്ങളും, മുസ്‌ലിംകളാണെന്ന് അവകാശപ്പെടുന്ന ചിലരുടെ ഇസ്‌ലാമുമായി ബന്ധമില്ലാത്ത പ്രവർത്തനങ്ങളും ഈ ദീനിന്റെ മഹത്തരമായ സൽപ്പേരിന് കളങ്കമേൽപ്പിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

ഇസ്‌ലാമിനെ അതിന്റെ യഥാർത്ഥ സ്ഥിതിയിൽ വീക്ഷിക്കുന്ന ഏതൊരാൾക്കും, അതല്ലെങ്കിൽ ഇസ്‌ലാമിനെ യഥാർത്ഥ രൂപത്തിൽ മുറുകെ പിടിക്കുന്ന അതിന്റെ ശരിയായ വക്താക്കളെ വീക്ഷിക്കുന്ന ഏതൊരാൾക്കും ഇസ്‌ലാമിലേക്ക് പ്രവേശിക്കുന്നതിലോ അത് സ്വീകരിക്കുന്നതിലോ യാതൊരു സംശയവുമുണ്ടാവുകയില്ല. മനുഷ്യർക്ക് സൗഭാഗ്യമേകുന്ന മാർഗത്തിലേക്കാണ് ഇസ്‌ലാം അവനെ ക്ഷണിക്കുന്നത് എന്ന കാര്യം അവന് ബോധ്യപ്പെടുന്നതാണ്. അവന് സമാധാനവും

നിർഭയത്വവും പകരുകയും, നീതിയും നന്മയും വ്യാപിപ്പിക്കുകയും ചെയ്യുകയാണ് ഇസ്‌ലാമിന്റെ ലക്ഷ്യം എന്ന് അവന് തിരിച്ചറിയാൻ സാധിക്കും.

എന്നാൽ ഇസ്‌ലാമിലേക്ക് ചേർത്തി പറയുന്ന ചിലരുടെ വ്യതിയാനങ്ങൾ -അത് കൂടിയ തോതിലുള്ളതോ അല്ലാത്തതോ ആകട്ടെ- അവയൊന്നും മനോഹരമായ ഈ മതത്തിന്റെ കണക്കിൽ വരവു വെച്ചു കൂടാ. അതിന്റെ പേരിൽ ഈ മതത്തെ ആക്ഷേപിക്കുന്നത് ശരിയുമല്ല. മറിച്ച്, ഈ മതം -ഇസ്‌ലാം- അതിൽ നിന്നെല്ലാം പരിശുദ്ധമാണ്. വ്യതിചലിച്ചവരുടെ പാപഭാരം അവരിലേക്ക് മാത്രമാണ് മടക്കേണ്ടത്. കാരണം ഇസ്‌ലാം അവരോട് ചെയ്യാൻ കൽപ്പിച്ച കാര്യങ്ങളല്ല അവർ ചെയ്തിരിക്കുന്നത്. മറിച്ച്, ഇസ്‌ലാം കടുത്ത ഭാഷയിൽ വിലക്കുകയും താക്കീത് നൽകുകയും ചെയ്ത കാര്യങ്ങളാണ് അവരുടെ പ്രവർത്തികളിലുള്ളത്.

മാത്രമല്ല, ഇസ്‌ലാമിനെ ശരിയായ വിധത്തിൽ മുറുകെ പിടിക്കുന്നവരിലേക്ക് നോക്കുക എന്നതാണല്ലോ നീതിയുള്ള വഴി. ഇസ്‌ലാമിന്റെ കൽപ്പനകളും വിധിവിലക്കുകളും തങ്ങളുടെ ജീവിതത്തിലും മറ്റുള്ളവരോടുള്ള ബന്ധങ്ങളിലും മുറുകെ പിടിക്കുന്നവർ... അവരെ വിലയിരുത്തുന്നത് ഇസ്‌ലാമിനോടും അതിന്റെ വക്താക്കളോടുമുള്ള ആദരവും ബഹുമാനവും വർദ്ധിപ്പിക്കുകയാണ് ചെയ്യുക. ഇസ്‌ലാം പരിശുദ്ധിയും സന്മാർഗവുമുള്ള ഒരു വിഷയത്തിലും -അതെത്ര ചെറുതോ വലുതോ ആകട്ടെ-; അതിലേക്ക് പ്രോത്സാഹനം നൽകാതെ പോയിട്ടില്ല. ഏതൊരു മ്ലേഛതയോ തിന്മയോ ആകട്ടെ; ഇസ്‌ലാം

അതിൽ നിന്ന് താക്കീത് നൽകുകയും, ആ മാർഗത്തിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്തിട്ടല്ലാതെയില്ല.

ഇതു കൊണ്ട് തന്നെ, ഇസ്‌ലാമിന്റെ കൽപ്പനകളെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും, അതിന് ഗൗരവവും പ്രാധാന്യവും കൽപ്പിക്കുകയും ചെയ്തവരാണ് ജനങ്ങളിൽ ഏറ്റവും സൗഭാഗ്യമുള്ളവർ. സ്വന്തത്തെ ക്രമീകരിക്കുന്നതിലും, മനോഹരമായ സ്വഭാവഗുണങ്ങളിൽ അതിനെ വളർത്തുന്നതിലും അവരാണ് ജനങ്ങളിൽ ഏറ്റവും ഉന്നതരായിട്ടുള്ളവർ. അവരോട് അടുപ്പമുള്ളവരും അല്ലാത്തവ്വരും, അവരോട് യോജിക്കുന്നവരും അവരുടെ എതിരാളികളും ഒരേ സ്വരത്തിൽ അക്കാര്യം അംഗീകരിക്കും എന്നതിൽ സംശയമില്ല.

എന്നാൽ തങ്ങളുടെ മതാദ്ധ്യാപനങ്ങളിൽ ശ്രദ്ധയില്ലാത്ത, ഇസ്‌ലാം പഠിപ്പിച്ച നേരായ മാർഗത്തിൽ നിന്ന് തെറ്റിപ്പോയവരിലേക്ക് നോക്കിക്കൊണ്ട് മാത്രം ഇസ്‌ലാമിനെ വിലയിരുത്തുക എന്നത് ഒരിക്കലും നീതിയല്ല. മറിച്ച്, അത് തീർത്തും അനീതിയാണ്.

മുസ്‌ലിമല്ലാത്ത എല്ലാവരെയും ഇസ്‌ലാമിനെ കുറിച്ച് പഠിക്കുന്നതിലേക്കും, അതിൽ പ്രവേശിക്കുന്നതിലേക്കും ഞാൻ ക്ഷണിക്കുന്നു.

ഇസ്‌ലാമിലേക്ക് പ്രവേശിക്കാൻ ഉദ്ദേശിക്കുന്നവർ ഒരേയൊരു കാര്യമേ ചെയ്യേണ്ടതുള്ളൂ; 'അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്' (അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി (ﷺ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു) എന്ന് പറയുക. അതോടെ അവൻ

മുസ്ലിമാകുന്നതാണ്. ശേഷം അവന്റെ മേൽ അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങൾ അവൻ പഠിച്ചെടുക്കുകയും ചെയ്യേണ്ടതുണ്ട്. അവൻ ഇസ്ലാമിനെ കുറിച്ച് കൂടുതൽ പഠിക്കുകയും കൂടുതൽ അത് പ്രാവർത്തികമാക്കുകയും ചെയ്യുന്നതിന് അനുസരിച്ച് അവന്റെ സൗഭാഗ്യം വർദ്ധിക്കുകയും, അല്ലാഹുവിങ്കൽ അവനുള്ള പദവി വർദ്ധിക്കുകയും ചെയ്യുന്നതാണ്.

❊❊❊

ml231v1.0 - 18/05/2026

جمعية خدمة المحتوى
الإسلامي باللغات